ഗവർണറുടെ നേതൃത്വത്തിൽ നാളെ വാക്കത്തോൺ

തിരുവനന്തപുരം: സമന്വയ ഭാരതം എന്ന സന്ദേശം ജനകീയമാക്കാൻ നാളെ ഒൻപതു മണിക്ക് സംസ്ഥാന ഗവർണറുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് വാക്കത്തോൺ സംഘടിപ്പിക്കുന്നു. ഭിന്നശേഷിയുള്ളവരും അല്ലാത്തവരും യോജിച്ച് സംഘടിപ്പിക്കുന്ന കൂട്ട നടത്തയിൽ ഗവർണർക്കൊപ്പം മന്ത്രി കടകംപള്ളി സുരേന്ദ്രൻ, ശശി തരൂർ എം പി, ഡെപ്യൂട്ടി മേയർ രാഖി രവികുമാർ തുടങ്ങിയ സമൂഹത്തിന്റെ നാനാതുറയിലുള്ള പ്രമുഖരും പങ്കെടുക്കുന്നു. ദിവ്യാംഗജർക്കും സമൂഹത്തിൽ തുല്യമായ വിദ്യാഭ്യാസവും തൊഴിലും സാമൂഹിക ജീവിതവും വാഗ്ദാനം ചെയ്യുന്ന 2016 ലെ നിയമത്തിന്റെ പ്രചാരണാർത്ഥം സാമൂഹ്യ നീതിവകുപ്പ് സംഘടിപ്പിക്കുന്നതാണ് ഈ യാത്ര. രാവിലെ 9 ന് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ ദേശീയ ഗാനാലാപനത്തോടെ തുടക്കം കുറിക്കുന്ന യാത്ര 10 ന് യൂണിവേഴ്സിറ്റി കോളേജ് കാമ്പസിൽ സമാപിക്കും.

അതിരപ്പിള്ളിയെ വിടാതെ കെ.എസ്.ഇ.ബി

■പദ്ധതിക്കായി നൂറ് കോടി രൂപ ഈ വർഷവും നീക്കിവച്ചു

തിരുവനന്തപുരം: ശക്തമായ ജനകീയ പ്രതിരോധമുണ്ടെങ്കിലും അതിരപ്പിള്ളി പദ്ധതിയുടെ സാദ്ധ്യത നിലനിറുത്താനാണ് കെ.എസ്. ഇ.ബി നീക്കം. ചാലക്കുടിയാറിന്റെ കരയിലെ വന്യജീവികളുൾപ്പെടെയുള്ള 138 ഹെക്ടർ വനഭൂമിയെ നാശത്തിലേക്ക് തള്ളിവിടുന്ന പദ്ധതി നടപ്പാക്കാൻ ഒരുങ്ങിയപ്പോഴെല്ലാം പ്രതിഷേധവും ഉണ്ടായിട്ടുണ്ടെങ്കിലും എല്ലാവർഷവും വൈദ്യുതി ബോർഡിന്റെ വാർഷിക പദ്ധതിയിൽ അതിരപ്പിള്ളിക്ക് പണം നീക്കിവയ്ക്കാറുണ്ട്.

ഈ വർഷവും നൂറ് കോടിരൂപ അതിരപ്പിള്ളിക്കായി മാറ്റിവച്ചിട്ടുണ്ട്. വേനൽകാലത്തുപോലും നല്ല വെള്ളം കിട്ടുന്ന ചാലക്കുടിയാറിൽ 163 മെഗാവാട്ട് പദ്ധതി നിർമ്മിച്ചാൽ കുറഞ്ഞ ചെലവിൽ വൈദ്യുതി നൽകാനുള്ള സാദ്ധ്യതയാണ് വൈദ്യുതി ബോർഡ് കാണുന്നത്.

സംസ്ഥാനത്ത് ഇടതുമുന്നണി സർക്കാർ നിലവിൽ വന്നശേഷം ഇത് രണ്ടാംതവണയാണ് അതിരപ്പിള്ളി പദ്ധതി നടപ്പാക്കാൻ ശ്രമം നടക്കുന്നത്.

പദ്ധതിക്ക് കേന്ദ്രം വനം പരിസ്ഥിതി, കാലാവസ്ഥാവ്യതിയാന വകുപ്പ് നൽകിയ അനുമതിയുടെ കാലാവധി ജൂലായിൽ പൂർത്തിയായി. ഇത് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ആഗസ്റ്റ് 18 നാണ്.

അതിനുമുമ്പായി പദ്ധതി നിർവ്വഹണം സജീവമാണെന്നും കഴിഞ്ഞ തവണ നൽകിയ അനുമതി ഉപയോഗിച്ചുവെന്നും കാണിക്കുന്നതിനാണ് ചാലക്കുടിയിലെ വൈദ്യുതിബോർഡ് വക കണ്ണംകുഴിയിലെ സ്ഥലത്ത് 110 കിലോവാട്ട് ശേഷിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ചത്.

ഇതിനെതിരെ വിമർശനമുയർന്നപ്പോഴും സമവായത്തിലൂടെ മാത്രമേ പദ്ധതി നടപ്പാക്കുകയുള്ളൂവെന്ന നയമാണ് മന്ത്രി എം.എം. മണി ആവർത്തിച്ചത്.

തത്വത്തിൽ പദ്ധതിക്ക് അനുകൂലമാണ് സർക്കാർ നിലപാട്. കേന്ദ്രഗ്രിഡിൽ നിന്നും ഇതരസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരാവുന്ന വൈദ്യുതി പൂർണമായും ഉപയോഗിക്കുന്ന കേരളത്തിൽ ട്രാൻസ്മിഷൻ ലൈനിലെ ചെറിയ കുഴപ്പങ്ങൾ കൊണ്ടുപോലും ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ട സ്ഥിതിയാണ്.

ഈ മാസം നാലുതവണയാണ് ഇത്തരത്തിൽ വൈദ്യുതി തടസപ്പെട്ടത്.

നിർമ്മാണച്ചെലവ്

2002 ൽ 414 കോടിരൂപയായിരുന്ന അതിരപ്പിള്ളി പദ്ധതിയുടെ നിർമ്മാണച്ചെലവ് 2005 ൽ 570 കോടിയായും 2010 ൽ 650 കോടിയായും 2015 ൽ അവസാനമെടുത്ത എസ്റ്റിമേറ്റിൽ 950 കോടിയായും ഉയർന്നു.

പി.എസ്.സി എംപ്ലോ. യൂണിയൻ സമ്മേളനം തുടങ്ങി

തൃശ്ശൂർ: പി.എസ്.സി എംപ്ലോയീസ് യൂണിയൻ സംസ്ഥാന സമ്മേളനം സി.പി.എം ജില്ലാ സെക്രട്ടറി കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് എസ്. അജയകുമാർ അദ്ധ്യക്ഷനായി. എൻ.ജി.ഒ യൂണിയൻ ജനറൽ സെക്രട്ടറി ടി. സി മാത്തുകുട്ടി, കെ.എസ്.ടി.എ എക്സി. അംഗം കെ.കെ. രാജൻ, കെ.ജി.ഒ.എ ജനറൽ സെക്രട്ടറി ടി.എസ് രഘുലാൽ, വി. ശ്രീകുമാർ, എം.എസ്. ബിജുക്കുട്ടൻ, കെ.കെ. ശശികുമാർ, ഹരിലാൽ, എ.വി. കുര്യാക്കോസ്, ഡി.ഡി. ഗോഡ്ഫ്രീ, സി.ടി. നുസൈബ, ഡോ. സി.സി. ബാബു, പി.കെ. കുശലകുമാരി, കെ.ടി. മൊയ്തീൻകുട്ടി എന്നിവർ പ്രസംഗിച്ചു. സി.വി. മനോജ്കുമാർ സ്വാഗതവും എം. ഷാജഹാൻ നന്ദിയും പറഞ്ഞു. സമ്മേളനം ഇന്ന് സമാപിക്കും.

മുന്നണികൾ ഇരട്ടത്താപ്പ് ഒഴിവാക്കണം: ബി.ജെ.പി

തിരുവനന്തപുരം: അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് സി.പി.എമ്മും കോൺഗ്രസും ഇരട്ടത്താപ്പ് ഉപേക്ഷിക്കണമെന്ന് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ കുമ്മനം രാജശേഖരൻ ആവശ്യപ്പെട്ടു. പദ്ധതി സംബന്ധിച്ചുള്ള യഥാർത്ഥ നിലപാട് ജനങ്ങളോട് തുറന്നു പറയാൻ രണ്ടു കൂട്ടരും തയ്യാറാകണം.

സഹകരണ സംഘങ്ങളിൽ മുക്കുപണ്ട തട്ടിപ്പ് വ്യാപകം; പരിശോധന ശക്തമാക്കി

■കരിവെള്ളൂർ സൊസൈറ്റിയിൽ കണ്ടെത്തിയത് 2.98 കോടിയുടെ വെട്ടിപ്പ്

◗ഒ.സി.മോഹൻരാജ്

കണ്ണൂർ: മുക്കുപണ്ടം പണയംവച്ചുള്ള തട്ടിപ്പ് മിക്ക സഹകരണ സംഘങ്ങളിലും ഉണ്ടെന്ന് കണ്ടെത്തിയതോടെ പരിശോധന ശക്തമാക്കുന്നു. സഹകരണ വകുപ്പിലെ ഓഡിറ്റ് വിഭാഗത്തിൽ നിന്നുള്ള പ്രത്യേക സ്ക്വാഡുകൾ എല്ലായിടങ്ങളിലേക്കുമെത്തും.

കോൺഗ്രസ് നിയന്ത്രണത്തിലുള്ള കരിവെള്ളൂർ സോഷ്യൽ വെൽഫെയർ കോ - ഓപ്പറേറ്റീവ് സൊസൈറ്റിയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ മാത്രം 2.98 കോടി രൂപയുടെ പണയത്തട്ടിപ്പ് നടന്നതായി കഴിഞ്ഞ ദിവസം കണ്ടെത്തിയിരുന്നു. ഒരേ പേരിൽ തന്നെ മൂന്നും നാലും പണയങ്ങൾ വച്ചതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ആറു മാസം മുമ്പ് സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സഹകരണ ബാങ്കുകളിൽ നടത്തിയ മിന്നൽപരിശോധനയിൽ ഏഴു കോടി രൂപയുടെ മുക്കുപണ്ട പണയത്തട്ടിപ്പ് പിടികൂടിയിരുന്നു. കണ്ണൂർ, കോട്ടയം, ആലപ്പുഴ, കൊല്ലം ജില്ലകളിലെ ബാങ്കുകളിലായിരുന്നു തട്ടിപ്പ് കൂടുതലും. വിവിധ ജില്ലകളിലായി 14, 896 സഹകരണ സ്ഥാപനങ്ങളുള്ളതിൽ പ്രധാനപ്പെട്ട അയ്യായിരത്തോളം കേന്ദ്രങ്ങളിലാണ് പ്രത്യേക സ്ക്വാഡിന്റെ നേതൃത്വത്തിൽ പരിശോധന നടന്നത്.

തട്ടിപ്പിനു കൂട്ടുനില്ക്കുന്ന ജീവനക്കാരെ കരിമ്പട്ടികയിൽ പെടുത്തുമെന്ന് ഓഡിറ്റ് ഉദ്യോഗസ്ഥർ മുന്നറിയിപ്പ് നൽകിയതാണ്. എന്നിട്ടും ക്രമക്കേടുകൾ തുടരുന്ന സാഹചര്യത്തിൽ പഴുതടച്ചുള്ള പരിശോധന ഉറപ്പാക്കണമെന്ന നിലപാടിലാണ് ഉന്നതാധികൃതർ.

നിക്ഷേപകർ പണം പിൻവലിക്കാൻ എത്തിയാൽ പലവിധ കാരണങ്ങൾ പറഞ്ഞ് ജീവനക്കാർ തിരിച്ചയക്കുന്നുവെന്ന പരാതിയുണ്ട് പലയിടത്തും. ഇത്തരം പരാതികളിൽ കർശനനടപടിയെടുക്കാനും നിർദ്ദേശമുണ്ട്.

കോടികൾ നിക്ഷേപമായി എത്തുന്ന സംഘങ്ങൾ അത് എങ്ങനെ വിനിയോഗിക്കുന്നുവെന്ന് ധരിപ്പിച്ചിരിക്കണമെന്നാണ് ചട്ടം. എന്നാൽ പല സ്ഥാപനങ്ങളും ഇത് പാലിക്കുന്നില്ല. കോഴിക്കോട്ട് മാത്രം പതിനഞ്ചിലേറെ സംഘങ്ങളിൽ ഇതിനിടെ ഫണ്ട് തിരിമറി കണ്ടെത്തിയിരുന്നു.

■കഴക്കൂട്ടത്തെ പ്ലാന്റ് സമരം തുടരുന്നു

ഓണത്തിന് തെക്കൻ ജില്ലകളിൽ ഗ്യാസ് ക്ഷാമം രൂക്ഷമാകും

◗അരുൺവി.ഗോപാൽ

തിരുവനന്തപുരം: ജനങ്ങളെ ദുരിതത്തിലാക്കിയും കോടതിയെ വെല്ലുവിളിച്ചും കഴക്കൂട്ടം ഭാരത്‌പെട്രോളിയം പ്ലാന്റിലെ ട്രക്ക് ഡ്രൈവർമാർ നടത്തുന്ന സമരം ഒരു ഒത്തുതീർപ്പിനും വഴങ്ങാതെ തുടരുന്നതിനാൽ ഓണത്തിന് തെക്കൻ ജില്ലകളിൽ പാചകവാതക ക്ഷാമം രൂക്ഷമാകുമെന്നുറപ്പായി. സമരം അവസാനിപ്പിച്ച് പാചകവാതക വിതരണം പുനഃസ്ഥാപിക്കണമെന്ന കോടതി ഉത്തരവ് ഡ്രൈവർമാർ കാറ്റിൽ പറത്തിയിരിക്കയാണ്.

ഈ മാസം 16ന് ലേബർ കമ്മിഷണർ ഇരുകൂട്ടരെയും ഒരിക്കൽകൂടി ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്.

വേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിൽ ഡ്രൈവർമാരും കരാർ അനുസരിച്ചുള്ള തുക കമ്പനി നൽകണമെന്ന ആവശ്യത്തിൽ ട്രക്ക് ഉടമകളും വിട്ടുവീഴ്ചയ്ക്ക് തയ്യാറായിട്ടില്ല. രണ്ടരമാസമായി ട്രക്കുകൾ നിശ്ചലമായതോടെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ പാചക വാതക വിതരണം താറുമാറായി. സി.ഐ.ടി.യുവിന്റെ നേതൃത്വത്തിലാണ് ഡ്രൈവർമാർ സമരം നടത്തുന്നത്. അതേസമയം പുറത്തുനിന്നുള്ള ഡ്രൈവർമാരെ ഉപയോഗിച്ച് ട്രക്ക് ഉടമകൾ ലോഡ് ഇറക്കാൻ ശ്രമിച്ചത് സമരക്കാരായ ഡ്രൈവർമാരുമായി സംഘർഷത്തിനും ഇടയാക്കി.

33 വലിയ ലോറികളാണ് ഇവിടെയുള്ളത്. ഒരു ദിവസം 40 ലോഡുകൾ വരെയാണ് ഏജൻസികളിലേക്ക് വിതരണത്തിന് പോയിരുന്നത്. ഒരു ലോറിയിൽ 306 സിലിണ്ടറുകൾ കൊള്ളും. ഒൻപത് ലക്ഷം ഉപഭോക്താക്കളാണ് നാല് ജില്ലകളിലുള്ളത്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ മാത്രം അഞ്ച് ലക്ഷം ഉപഭോക്താക്കളുണ്ടെന്ന് കമ്പനി അധികൃതർ അറിയിച്ചു. തിരുനെൽവേലി, തൂത്തുകുടി, എറണാകുളം പ്ലാന്റുകളിൽ നിന്ന് സിലിണ്ടർ ലോഡുകൾ എത്തിക്കുന്നുണ്ടെങ്കിലും അതൊന്നും പര്യാപ്തമാകുന്നില്ല. പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്കും തൊഴിൽ മന്ത്രിക്കും പരാതി നൽകിയിട്ടും ഫലമുണ്ടായിട്ടില്ല.

■ഡ്രൈവർമാർ പറയുന്നത്

ഒരു ട്രിപ്പിന് നിലവിൽ 825 രൂപയാണ് ഡ്രൈവർമാരുടെ ശമ്പളം. ലേബർ കമ്മിഷണറും ട്രക്ക് ഉടമകളും കമ്പനിയുമായുണ്ടാക്കിയ പുതിയ കരാർ പ്രകാരം ശമ്പളം 1075 രൂപയാക്കി. ദീർഘദൂര സർവീസ് നടത്തുന്ന ഡ്രൈവർമാർക്കും ശമ്പളം കൂട്ടിയിട്ടുണ്ട്. എന്നാൽ, പുതുക്കിയ തുക ലഭിക്കുന്നില്ല. ജൂൺ 13 വരെ പുതുക്കിയ തുക നൽകാതായതോടെയാണ് സമരത്തിനിറങ്ങിയത്.

■കമ്പനി വഞ്ചിച്ചെന്ന് ലോറി ഉടമകൾ

മിനിമം 75 കിലോമീറ്ററിന് കമ്പനി 4,244 രൂപയാണ് ട്രക്ക് ഉടമകൾക്ക് നൽകിയിരുന്നത്. കിലോമീറ്ററുകൾ കമ്പനി 100 ആക്കി വർദ്ധിപ്പിച്ചെങ്കിലും ഈ തുക വർദ്ധിപ്പിച്ചില്ല. ഡ്രൈവർമാരുടെ ശമ്പളം, ലോഡിംഗ്, അൺലോഡിംഗ്, ഡീസൽ, മെയിന്റനൻസ് ചെലവുകൾ ഈ തുകയ്ക്ക് മുതലാവില്ല. 5,644 രൂപയെങ്കിലും ലഭിച്ചാലേ നഷ്ടമില്ലാതെ ഓടാനാകൂ. സമരം കാരണമുണ്ടായ സാമ്പത്തിക നഷ്ടം കരാറുകാരിൽ നിന്ന് ഈടാക്കാനാണ് നീക്കം.

നെഹ്റുട്രോഫി: രണ്ടാം തുഴയിൽ ഗബ്രിയേൽ ജേതാവ്

ആലപ്പുഴ: നെഹ്റുട്രോഫി ജലമേളയിൽ രണ്ടാംമത്സരത്തിനിറങ്ങിയ ഗബ്രിയേൽ ചുണ്ടന് മിന്നും വിജയം. 30 മൈക്രോസെക്കൻഡിന്റെ വ്യത്യാസത്തിലാണ് ഉമ്മൻ ജേക്കബ് ചെത്തിക്കാട് ക്യാപ്ടനായ എറണാകുളം തുരുത്തിപ്പുറം ബോട്ട് ക്ലബ്ബിന്റെ ഗബ്രിയേൽ (4.17.42) ചാമ്പ്യൻമാരായത്. കുട്ടനാട്ടിലെ കരുത്തൻമാരായ യു.ബി.സി കൈനകരി തുഴഞ്ഞ മഹാദേവികാട് കാട്ടിൽ തെക്കതിലാണ് (4.17.72) രണ്ടാമതായത്. ജെയിംസ് കുട്ടി ജേക്കബ് ക്യാപ്ടനായ കുമരകം ബോട്ട് ക്ലബ്ബിന്റെ പായിപ്പാടൻ ചുണ്ടൻ 4.17.99 സെക്കൻഡിൽ ഫിനിഷ് ചെയ്തപ്പോൾ അനിൽ കളപ്പുര ക്യാപ്ടനായ ടൗൺ ബോട്ട് ക്ലബ്ബിന്റെ കാരിച്ചാൽ 4.19.00 സെക്കൻഡിൽ നാലാമതെത്തി. കഴിഞ്ഞ തവണ യു.ബി.സി തുഴഞ്ഞ ഗബ്രിയേൽ രണ്ടാംസ്ഥാനത്തായിരുന്നു.

ഹീറ്റ്സിലെ മികച്ച സമയം അടിസ്ഥാനമാക്കി ഫൈനലിസ്റ്റുകളെ തീരുമാനിച്ചതിനാൽ ഹീറ്റ്സിൽ ഒന്നാമതെത്തിയെങ്കിലും ആയാപമ്പ് പാണ്ടി, ആനാരി പുത്തൻ ചുണ്ടൻ എന്നിവർക്ക് ഫൈനലിൽ എത്താനായില്ല. ഹീറ്റ്സിലെ സമയക്രമത്തിൽ രണ്ടാമതെത്തിയ വള്ളങ്ങളുടെ ലൂസേഴ്സ് ഫൈനലിൽ ആയാപറമ്പ് പാണ്ടി ഒന്നാമതെത്തി. ആയാപറമ്പ് വലിയ ദിവാൻജി, സെന്റ് പയസ്, വെള്ളംകുളങ്ങര എന്നീ വള്ളങ്ങൾ തുടർസ്ഥാനങ്ങളിലെത്തി.

മത്സരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. മന്ത്രി തോമസ് ഐസക് അദ്ധ്യക്ഷത വഹിച്ചു. മന്ത്രി ജി. സുധാകരൻ മുഖ്യപ്രഭാഷണം നടത്തി. മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, കടന്നപ്പള്ളി രാമചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

സജീവ് കൃഷ്ണന്റെ ഗുരുസാഗരം പ്രഭാഷണപരമ്പരയുടെ ലോഗോ വൈദ്യുതി റെഗുലേറ്ററി ബോർഡ് സെക്രട്ടറി കെ. ബി. സന്തോഷ് കുമാറിൽനിന്ന് ശിവഗിരിമഠം സന്യാസി സ്വാമി ശങ്കരാനന്ദ ഏറ്റുവാങ്ങുന്നു

ഗുരുസാഗരം പ്രഭാഷണപരമ്പര: ലോഗോ പ്രകാശനം ചെയ്തു

തിരുവനന്തപുരം: കേരളകൗമുദി ഗുരുസാഗരം കോളമിസ്റ്റ് സജീവ് കൃഷ്ണൻ തിരുവനന്തപുരം മുതൽ കാസർകോടുവരെ 14 ജില്ലാ ആസ്ഥാനങ്ങളിൽ നടത്തുന്ന ഗുരുസാഗരം പ്രഭാഷണപരമ്പരയുടെ ടൈറ്റിലും ലോഗോയും പ്രകാശനം ചെയ്തു. കനകക്കുന്ന് ശ്രീനാരായണഗുരു വിശ്വസംസ്കാര ഭവനിൽ നടന്ന ചടങ്ങിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ സെക്രട്ടറി കെ.ബി. സന്തോഷ് കുമാറിൽനിന്ന് ശിവഗിരിമഠം സന്യാസി സ്വാമി ശങ്കരാനന്ദ ലോഗോ ഏറ്റുവാങ്ങി. സ്വാഗതസംഘം സെക്രട്ടറി ഒ. പി. വിശ്വനാഥൻ, സജീവ് കൃഷ്ണൻ, സുകുമാരൻ ഇടവക്കോട്, അനിൽ ഭാസ്കർ, എസ്. എസ്. ദിനേശ്, രാജഗോപാൽ, വാഴമുട്ടം ചന്ദ്രബാബു, പി.കെ. ഗിരീഷ് കുമാർ തുടങ്ങിയവർ സംസാരിച്ചു. ഒക്ടോബർ 18ന് വൈകിട്ട് 3ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ ശിവഗിരിധർമ്മസംഘം പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ ഗുരുസാഗരം പ്രഭാഷണ പരമ്പര സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും.

കേരളകൗമുദി ചീഫ് എഡിറ്റർ എം. എസ്. രവി, ഡോ. ബാബുപോൾ, സാഹിത്യകാരൻ ഷൗക്കത്ത് എന്നിവർ മുഖ്യാതിഥികളായിരിക്കുമെന്നും സ്വാഗതസംഘം സെക്രട്ടറി ഒ. പി. വിശ്വനാഥൻ അറിയിച്ചു.

യോഗ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും: മന്ത്രി എ.സി. മൊയ്തീൻ

പാലക്കാട്: യോഗ സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുമെന്ന് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കുന്ന രണ്ടാമത് സംസ്ഥാന യോഗ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം നൽകുന്നത്. യോഗ സ്കൂൾ സിലബസിന്റെ ഭാഗമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ കായികാദ്ധ്യാപകർക്ക് യോഗ അസോസിയേഷന്റെ സഹായത്തോടെ പരിശീലനം നൽകും. മാനദണ്ഡങ്ങൾ പാലിക്കാതെ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ നിന്നും പി.യു. ചിത്രയെ ഒഴിവാക്കിയപ്പോൾ കേരളം ഒറ്റമനസോടെ ചിത്രക്കൊപ്പം നിന്നു. സി.കെ. വിനീതിന് സംസ്ഥാന സർക്കാർ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ ജോലി നൽകിയതിലൂടെ സർക്കാർ കായിക താരങ്ങൾക്കൊപ്പമാണെന്ന സന്ദേശമാണ് നൽകിയതെന്നും മന്ത്രി പറഞ്ഞു.

അഖിലേന്ത്യ യോഗ മത്സരത്തിൽ വിജയികളായ ശ്രേയ, ദിവ്യ എന്നിവർക്ക് മന്ത്രി കാഷ് അവാർഡുകൾ വിതരണം ചെയ്തു.

കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice faster response

Matrimonial Groom Wanted

Ezhava girl - MBBS, 24, 150, Trivandrum. Doctors/well - settled Professionals.
8547485888, 9744885404.

ഈഴവ യുവതി - 23, 160, M.Sc, ഉത്രാടം, PSC Assistant (അച്ഛന്റെ ജോലി). ആലോചനകൾ ക്ഷണിക്കുന്നു.
8281663274.

ഈഴവ യുവതി - 24, 155 cm, M.Com, B.Ed, പുണർതം. ഗവ. ജോലിയുള്ളവർക്ക് മുൻഗണന.
9846496373

ഈഴവ യുവതി-23, B.Pharm, Karthika, ഗൾഫിൽ ബിസിനസ്സുള്ള ഫാമിലി. ആലോചനകൾ ക്ഷണിക്കുന്നു.
Phone : 7909194227

ഈഴവ യുവതി - 29, 171, M.Com, 14.06.1988, 10.50 a.m, മകയിരം, തിരുവനന്തപുരം ജില്ല. 7-ൽ പാപമുള്ള, ഗവൺമെന്റ് ജോലിയുള്ളവരുടെയോ വിദ്യാഭ്യാസമുള്ള ഗൾഫുകാരുടെയോ ആലോചനകൾ ക്ഷണിക്കുന്നു.
9633264004, 8281240013.

Ezhava girl, B.Tech Computer Science, Atham, 31.12.1988, 10.30 PM, 155 CM, Kollam. Mob: 9446549652.

ഈഴവ യുവതി
B.Com, MBA,. അശ്വതി, 12.10.1992, 12.05AM, Kollam. Working as Financial Analyst in an American Company,TVM. Parents Govt. Employees. ബ്യൂറോയല്ല. ID E3677706
PH: 9072341410
9539661410

Ezhava girl -26, Pooruruttathi. Now preparing for PG. Seeking suitable alliance from qualified/ employed professional.
E 31740170, 9495074765.

ഈഴവ യുവതി - 20, 155, fair, ആയില്യം, B.Com Final, വർക്കല. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോ അല്ല.
9446752275

Ezhava girl - 23, 160, M.Sc, Agriculture, Canara Bank Officer, Thiruvananthapuram. 7994681374

ഈഴവ യുവതി - 25, 162, beautish, M.Sc, SBI Clerk.
9656188874, 9544437192.

Inviting proposals from educated grooms from good families for 29 year old Bangalore based lawyer.
Contact : 9916109172

Ezhava girl - 26, 5' 2'', Chithira, Mother Nambiar, M.Tech, Food Engineering Final. Seeks suitable match from well-educated boys both caste.
09412088009,
07351641007.

ഈഴവ യുവതി - 23, white, B.Tech, 158 cm, Pooruruttathi, ചെറിയ പാപം.
9048250903

EZHAVA GIRL
MTech, Civil,160cm, Uthram, 26.09.1992, 11.35 AM, Fair, FINANCIALLY SOUND.
IDE 3797498
PH: 9447062950
9446852746

ഈഴവ യുവതി - 155 cm, വിശാഖം, ശുദ്ധജാതകം, 20.10.1990, 5.50 p.m., Engineer (B.Tech., Instrumentation, Private Company, TVM), ഇടത്തരം കുടുംബം. ബ്യൂറോ അല്ല.
E 3272083
9400092479,
9207196542.

ഈഴവ യുവതി - ബാങ്ക് ഓഫീസർ, 5.6.1989, 8.10 a.m., തിരുവാതിര.
ID E 3049485.
Phone : 9744436177.

Ezhava girl - Kollam, 163 cm., 29.10.1987, 1.30 p.m., Uthradom (Sudham), M.Sc. Nursing and UGC NET, MBA (Hospit: Manage:), Lecturer (Self-Financing).
ID - E 2822028,
ID EZH 390762.
Phone : 9544350716,
8089881470.

Ezhava girl - Deputy Manager, Nationalised Bank, 12.8.1985, 158 cm, Makayiram, Sudham.
9995005120.

ഈഴവ യുവതി - 7.12.1992, 6.00 a.m., ഭരണി, DMLT.
9446885482,
8281271425.

ഈഴവ യുവതി, 29, 160, പൂരുരുട്ടാതി, ശുദ്ധജാതകം, BSc നഴ്സ്,
Phone: 8281951466

DENTAL DOCTOR
Ezhava Girl,
Moolam, 22/156 cm,
Dental Doctor (BDS),
Kozhikode District.
Ph: 944 607 1962

ഈഴവ യുവതി - കൊല്ലം, ഓയൂർ, 20.04.1991, 7.02 a.m. തിരുവാതിര, MBA. ബ്യൂറോ അല്ല.
KM ID 3383381
Phone : 9746654750,
7994387099.

Ezhava girl - 36, MBA, Anizham, worked in a reputed PSU, upper middle class. Proposals from well-educated, employed Professionals only.
7994246594.

ഈഴവ യുവതി - 23, Engg. PG ചെയ്യുന്നു, അവിട്ടം, പാപദോഷം.
Mobile : 9497712170.

ഈഴവയുവതി-25, 167, പൂരം, ആയുർവ്വേദഡോക്ടർ, 2 പാപം, ശുദ്ധവും ചേരും, ഇടത്തരം കുടുംബം, ആലപ്പുഴ.
ID E 3481636
9745606350, 8281526102.

ഈഴവയുവതി, വിശാഖം, 5 അടി 5 ഇഞ്ച്, പത്തനംതിട്ട, GNM നഴ്സ്, Appolo Delhi,
Ph. 9526736054
9562980287
E 3891189

ഈഴവ യുവതി, ചോതി, M.Com, തിരുവല്ല
9995902064

ഈഴവ യുവതി, 32, പൂരം, ഏഴിൽ ചൊവ്വ, 154 cm, +2, പ്രീ പ്രൈമറി (T.T.C), ഇടത്തരം കുടുംബം, പത്തനംതിട്ട
9947800776
04682354243

7-ൽ പാപം
ഈഴവയുവതി, മൂലം, 1992 ആഗസ്റ്റ് 9, 4 am, M. Sc. Maths ചെങ്ങന്നൂർ.
9447734164

ഈഴവ യുവതി - 24, 158, തിരുവോണം, ഫെഡറൽ ബാങ്ക്, B.Com.
7034495768

ഈഴവ യുവതി - 19, 159, +2, സാധാരണ കുടുംബം, കാർത്തിക.
9645382369

ഈഴവ യുവതി - 24, B.Sc നഴ്സ്, സൗദി (ഗവൺമെന്റ്), മകം നക്ഷത്രം.
9747540198

Ezhava girl - 25, Bharani, 167 cm, M.Tech, Asst. Professor. Invite proposals.
8281238797, 9895045925.

ഈഴവ യുവതി - 32, ആദ്യവിവാഹം, അശ്വതി, 162 cm, ഗവൺമെന്റ് ബാങ്കിൽ ക്ലാർക്ക്, തിരുവനന്തപുരം.
9072543472

വിദ്യാസമ്പന്നമായ വിശ്വകർമ്മ സമുദായത്തിലെ 27 കാരി - ബി.ടെക്, ഉദ്യോഗസ്ഥ, ചിത്തിര നക്ഷത്രം. ഗ്രഹനില സഹിതം ആലോചനകൾ ക്ഷണിക്കുന്നു.
Box No. TVM - 6747
C/o Kerala Kaumudi,
Trivandrum.

Ezhava girl - 24, 163, very fair, Rohini, B.Tech, financially sound, Trivandrum.
9809308727

Ezhava Girl, Age 24/153cm, Bharani, B.Ed, M.Sc (Doing), Alappuzha.
9446396387

ഈഴവയുവതി31
+2 ജില്ല തൊഴിൽ കാര്യമാക്കുന്നില്ല ഡിമാന്റില്ല
9388024539

7-ൽ ചൊവ്വ
അദ്ധ്യാപക ദമ്പതികളുടെ മകൾ, ഈഴവ, അവിട്ടം, 27, ബാംഗ്ലൂരിൽ ഡിസൈനർ, NIFT.
9744713232.

7-ൽ പാപം, ചൊവ്വ
ഈഴവ യുവതി - മകയിരം, 13.05.1994, 4.27 p.m, 150 cm, B.Ed, തിരുവനന്തപുരം.
9496622325

ഈഴവയുവതി
അനിഴം, 27, ക്ലാർക്ക്. സർക്കാർ ഉദ്യോഗസ്ഥരിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോ അല്ല.
7736139736.

Ezhava Girl, MBBS
23, 157, Pooyam, High Class family. Seeks alliance from PG/MBBS Doctors.
9447024875.

ഈഴവ യുവതി
23, B.Tech., ബാങ്ക് ഓഫീസർ, വിശാഖം. ബ്യൂറോ അല്ല.
9497173122, 9446885623.

പുനർവിവാഹം
ഈഴവ യുവതി - 30, അവിട്ടം, 165, 1½ പാപം, M.Sc, ജോലിയുണ്ട്. സാമ്പത്തികം ഇല്ല.
7994046795

BAMS DOCTOR
Ezhava girl, 26, 167, Ayilyam, 14/07/1991, 2.14 am, Father Advocate, Mother Govt School Teacher, Alliance invited from professional Govt. servants, Pathanamthitta.
Kerala Matrimony
ID - E3526754
9496325374
9497100601

ഹിന്ദു SC യുവതി 25
Degree, വെളുത്തനിറം. സാധാരണ കുടുംബം, ജാതി, ജാതകം പ്രശ്നമല്ല. ഡിമാന്റില്ല. ജില്ലയേതുമാകാം.
9562503539

ഈഴവ ടീച്ചർ 23 ശുദ്ധം
BEd. ഇടത്തരം. വരന്റെ തൊഴിൽ, ജില്ല, സാമ്പത്തികം പ്രശ്നമല്ല. ഡിമാന്റുകളില്ല.
9895833368, 9072344561

ഈഴവ യുവതി B.Sc. നഴ്സ് വിദേശം
23 സാമ്പത്തികമുണ്ട്. ഡിമാന്റുകളില്ല. വരന്റെ തൊഴിൽ, ജില്ല പ്രശ്നമല്ല.
7025501379, 9946371577

ഭർത്താവ് മരണപ്പെട്ട ഈഴവ യുവതി
25 സാമ്പത്തികമുണ്ട്. വരന്റെ തൊഴിലേതുമാകാം. സാമ്പത്തികം, ജില്ല പ്രശ്നമല്ല. ഡിമാന്റുകളില്ല.
9072344561, 9895833368

ഈഴവ യുവതി 32 ആദ്യവിവാഹം
BEd. സാമ്പത്തികമുണ്ട്. വരന്റെ തൊഴിൽ, ജില്ല പ്രശ്നമല്ല. പുനർവിവാഹവുമാകാം.
9349264227, 7025501379

ഡിമാന്റില്ലാത്ത ഈഴവ ടീച്ചർ 27
BEd. ഇടത്തരം. വരന്റെ തൊഴിൽ, ജില്ല, സമ്പത്തികം പ്രശ്നമല്ല.
9946371577, 9349264227

ഈഴവ വിധവ 45
സാമ്പത്തികമുണ്ട് 158 ഹിന്ദുവിലേതുമാകാം ദത്തുമാകാം
9388024537

ഈഴവ യുവതി 30
+2 ജില്ലയേതുമാകാം SSLC മുതലാകാം ഡിമാന്റില്ല
9539517963

ഈഴവ ഗേൾ
Diploma സാധാരണ കുടുംബം ജില്ല തൊഴിൽ സാമ്പത്തികം കാര്യമാക്കുന്നില്ല
8714476677,
8089556860

ഈഴവയുവതി 37
ആദ്യ വിവാഹം PDC ജില്ലയോ വിദ്യാഭയാസമോ കാര്യമാക്കുന്നില്ല. ഡിമാന്റില്ല.
9349790100, 8606176373

ഈഴവ വിധവ 40
സാമ്പത്തികമുണ്ട്. ജില്ലയോ തൊഴിലോ കാര്യമാക്കുന്നില്ല. ഡിമാന്റില്ല.
8089891344